## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 4896** — **24.07.2015- ൽ മറുപടി.**

## തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ പുനഃസംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ആയുർവേദ മേഖലയിൽ നിന്ന് ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ എന്നിവരെ ഒഴിവാക്കാനിടയായ സാഹചര്യം വിശദമാക്കാമോ;<br>(ബി) കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി മേൽപറഞ്ഞവരെ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (എ) & (ബി) നിലവിലുണ്ടായിരുന്ന കൗൺസിലിന്റെ കാലാവധി 19.10.2014-ൽ അവസാനിച്ചതിനെ തുടർന്ന്, ഇക്കാര്യം പരിശോധിക്കുകയും 07.05.2015-ലെ സ.ഉ(പി)നം.95/2015/ആ.കു.വ പ്രകാരം ടി കൗൺസിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 07.05.2015-ലെ സ.ഉ(പി)നം.95/2015/ആ.കു.വ പ്രകാരം പുനഃസംഘടിപ്പിച്ച ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ എന്നിവരെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ